# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : 5874.

8..7..2013-ൽ മറുപടിക്ക്

## സ്കൂൾ ഡെയറി ക്ലബ്ബുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ:<br>ശ്രീ. ആർ. സെൽവരാജ്: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകപ്പ് മന്ത്രി) |
| (എ) സ്കൂൾ ഡെയറി ക്ലബ്ബുകൾ ആരംഭിക്കാൻ പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ടോയെന്ന് വിശദമാക്കമോ;<br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കമോ; | (എ) & (ബി) സ്കൂളുകളിൽ സ്കൂൾ ഡെയറി ക്ലബ്ബുകൾ ആരംഭിക്കുന്ന പദ്ധതിക്ക് രൂപം നല്കിയിട്ടുണ്ട്. സ്കൂൾ ഡെയറി ക്ലബ്ബ്, വിദ്യാർത്ഥികൾ അംഗങ്ങളായിട്ടുള്ളതും, ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരും സ്കൂൾ അധികൃതരും രക്ഷാകർത്തൃ പ്രതിനിധികളും നയിക്കുന്ന ഒരു കൂട്ടായ്മയാണ്. വിദ്യാർത്ഥികൾക്ക് ക്ഷീരമേഖലയിൽ നിലവിലുള്ള സംരംഭങ്ങൾ പരിചയപ്പെടുത്തുന്നതിനും ക്ഷീരമേഖലയെക്കുറിച്ചും, പശുപരിപാലനം, പാൽ-പാലുല്പന്നങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാനും ഈ പദ്ധതി മുഖേന കഴിയുന്നു. വിദ്യാർത്ഥികളെ അംഗങ്ങളാക്കുക വഴി വരുംകാലങ്ങളിൽ കൂടുതൽ പേർ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നതെന്ന് വിശദമാക്കമോ; | (സി) ക്ഷീരവികസന വകുപ്പും, സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകളുമാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം? | (ഡി) പദ്ധതിക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.